## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **44** **02.12.2014** ൽ മറുപടിയ്ക്ക്

## മണൽക്ഷാമം പരിഹരിക്കുന്നതിനു നടപടി

| | ***ചോദ്യം*** | | ***ഉത്തരം*** |
|---|---|---|---|
| | **ശ്രീ. എ.കെ.ശശീന്ദ്രൻ<br>" തോമസ് ചാണ്ടി** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ), (ബി) & (സി) | സംസ്ഥാനത്ത് മണൽ ക്ഷാമം രൂക്ഷമായതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നാളിതുവരെ ഇനിപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(i) തൃശ്ശൂർ, പാലക്കാട്, കാസർഗോഡ്, കോഴിക്കോട്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ 'സാന്റ്' (SAND) എന്ന ഓൺ ലൈൻ മണൽ വിപണന സംവിധാനത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മണൽ വിതരണം നടത്തിവരുന്നു. പ്രസ്തുത പ്രവർത്തനത്തിലൂടെ മണലിന്റെ വില വർദ്ധനയും മണൽ മാഫിയ പ്രവർത്തനങ്ങളും മണൽ ക്ഷാമവും ഒരളവ് വരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.<br>(ii) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും വിപണനം സർക്കാർ മേഖലയിൽ കൊണ്ടു വരുന്നതിനുമായി കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(KEMDEL), കേരള ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് 03.05.2013 ലെ ജി.ഒ(എം.എസ്)183/13/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.<br>(iii) 04.03.2014 ലെ സ.ഉ(എം.എസ്)38/14/വ്യവ ഉത്തരവ് പ്രകാരം ഡാമുകളിൽ നിന്നും മണൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് ഉത്തരവായി. ഇതിലേക്കുള്ള വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി, ഊർജ്ജവകുപ്പ് മന്ത്രി, വനം വകുപ്പ് മന്ത്രി എന്നിവരടങ്ങുന്ന മന്ത്രി സഭാ ഉപസമിതി |
| (ബി) | മണൽക്ഷാമം മൂലം നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും ജലാശയത്തിൽ വച്ച് തന്നെ വേർതിരിച്ച് നീക്കം ചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആഗോള ടെണ്ടർ മുഖാന്തിരം Expression of interest ക്ഷണിച്ച് യോഗ്യരായ വരെ കണ്ടെത്തുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിന് രൂപം നൽകുന്നതിന് വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന സമിതിയ്ക്ക് 29/11/2014 ലെ സ.ഉ.(സാധാ)നം. 1341/14/വ്യവ നമ്പർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. ഇത് കൂടാതെ ഡാമുകളിൽ നിന്നും ശേഖരിച്ച് സൂക്ഷിച്ചിരിക്കുന്ന മണൽ ഏകീകൃത സംവിധാനമായ 'ഇ മണൽ'സംവിധാനം വഴി വിൽപ്പന നടത്തുവാൻ സാധിക്കുമോയെന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. **(iv)** സംസ്ഥാനത്ത് അനുഭവപ്പെടുന്ന മണൽക്ഷാമം പരിഹരിക്കുന്നതിനായി എം-സാന്റ് (മാനുഫാക്ചേർഡ് സാൻഡ്) ന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ മൈനിംങ് & ജിയോളജി വകുപ്പ് സ്വീകരിച്ചു വരുന്നു.<br>**(v)** 15/11/2014 ലെ സ.ഉ(കൈ)നം. 13/2014/പരി. ഉത്തരവ് പ്രകാരം മണൽ ഓഡിറ്റിങ് പൂർത്തിയാക്കിയിട്ടുള്ള 20 നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിനുള്ള അനുമതിയും മണൽ ഓഡിറ്റിങ് പൂർത്തിയാക്കിയിട്ടില്ലാത്ത നദികളിൽ നിന്നും മൂന്ന് മാസം വരെ മണൽ ഖനനം നടത്തുന്നതിന് താല്ക്കാലിക അനുമതിയും നൽകിയിട്ടുണ്ട്. ഇതേ ഉത്തരവ് പ്രകാരം വീട് നിർമ്മാണത്തിനുള്ള മണൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സുഗമമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മണൽക്ഷാമം പരിഹരിക്കുന്നതിനായി വിദേശത്തു് നിന്ന് മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**